## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2520.        14.02.2013 -ൽ മറുപടിയ്ക്ക്

### ആരോഗ്യ നയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. സി. മമ്മൂട്ടി | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| എ) | ആരോഗ്യം പൗരന്റെ അവകാശമായി ഉറപ്പുവരുത്തിക്കൊണ്ടുള്ള ആരോഗ്യ നയം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) | സമഗ്ര ആരോഗ്യ നയം രൂപീകരിക്കുന്നതിനുള്ള കരട് സമർപ്പിക്കുന്നതിന് ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| ബി) | അതിനു മുന്നോടിയായി ജനറിക് മരുന്നുകൾ സൗജന്യമായി നല്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | ബി) | സർക്കാർ ആശുപത്രികളിൽ രോഗികൾക്ക് സൗജന്യമായി ജനറിക് മരുന്നുകൾ നൽകുന്നതിന്റെ പ്രാരംഭഘട്ടമായി മെഡിക്കൽ കോളേജ് ആശുപത്രികളിലൂടെയും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജനറൽ ആശുപത്രികൾ മുഖേനയും സൗജന്യമായി ജനറിക് മരുന്നുകൾ വിതരണം ചെയ്യുന്നുണ്ട്. ഘട്ടം ഘട്ടമായി സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള മറ്റ് ആശുപത്രികളിലേയ്ക്ക് കൂടി ഈ പരിപാടി വ്യാപിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| സി) | ജനറിക് മരുന്നുകൾ മാത്രമേ ഡോക്ടർമാർ കുറിച്ചു നല്കുവാൻ പാടുള്ളൂ എന്ന് വ്യവസ്ഥകൊണ്ടു വരാൻ ഉദ്ദേശിക്കുന്നുണ്ടോ; | സി) | ജനറിക് മരുന്നുകൾ മാത്രമേ ഡോക്ടർമാർ കുറിച്ചുനൽകാവൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഡി) | എങ്കിൽ ആ നടപടി ബ്രാന്റഡ് മരുന്നുകൾ ഉപയോഗിക്കാനുള്ള അവസരം നഷ്ടപ്പെടുത്തുന്ന താവുമെന്ന ഒരു വിഭാഗത്തിന്റെ ആക്ഷേപം പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | ഡി) | അത്തരം ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ